# സന്മാർഗം ദ്വൈവാരിക

*പ്രബോധന*ത്തിനു ശേഷം ഇസ്‌ലാമിക പ്രസ്ഥാനം ആദ്യം ആരംഭിച്ച പത്രമാണ് 'സന്മാർഗം'. സ്ത്രീകളെയും കുട്ടികളെയും ഉദ്ദേശിച്ചാണ് 1972-ൽ ഈ പ്രസിദ്ധീകരണം തുടങ്ങിയത്. പെരിന്തൽമണ്ണയിലെ ഇസ്‌ലാമിക് മിഷ്യൻ ട്രസ്റ്റിന്റെ കീഴിൽ ജ: പി. മുഹമ്മദ് അബുൽ ജലാൽ മൗലവിയാണത് സ്ഥാപിച്ചത്. അതിന്റെ പത്രാധിപരും അദ്ദേഹം തന്നെയായിരുന്നു. ശാന്തപുരം ഇസ്‌ലാമിയാ കോളേജ് പ്രിൻസിപ്പാൾ, ഐ.എം.ടി. ചെയർമാൻ, എന്നീ ഉത്തരവാദിത്വങ്ങളിൽ വ്യാപൃതനായിരുന്ന അദ്ദേഹത്തിനുവേണ്ടി പത്രത്തിന്റെ കാര്യങ്ങൾ നടത്തിയിരുന്നത് സബ് എഡിറ്റർ ടി.കെ. ഉബൈദായിരുന്നു. ഖാദിർ കുട്ടി മാരേക്കാട്, ടി.എ. റഷീദ് (സൗദി അറേബ്യ), എടയൂർ മുസ്തഫ തുടങ്ങിയവർ പല സന്ദർഭങ്ങളിലായി ഉബൈദിനെ സഹായിച്ചിരുന്നു.

സന്മാർഗം ആദ്യം അച്ചടിച്ചിരുന്നത് മലപ്പുറത്തുനിന്നാണ്. പിന്നീട് ഐ.എം.ടി. സ്വന്തമായി ഒരു ലറ്റർ പ്രസ്സു വാങ്ങി പെരിന്തൽമണ്ണയിൽ നിന്നുതന്നെ അച്ചടിച്ചു തുടങ്ങി. സന്മാർഗത്തിന് ആർടിസ്റ്റുകളുടേയോ മികച്ച ബാലസാഹിത്യകാരന്മാരുടേയോ സഹായം ലഭിച്ചിരുന്നില്ല. ചിത്രങ്ങളോ ചിത്രകഥകളോ അത് പ്രസിദ്ധീകരിച്ചിരുന്നുമില്ല. ചിത്രങ്ങളും ഫോട്ടോകളും ഉൾപ്പെടുത്തി ബഹുവർണത്തിൽ പത്രം അച്ചടിക്കാൻ പറ്റിയ ഓഫ്സെറ്റ് പ്രസ്സ് അക്കാലത്ത് മലപ്പുറം ജില്ലയിൽ തന്നെ ഉണ്ടായിരുന്നില്ല. എറണാകുളത്തുനിന്നോ കോഴിക്കോട്ടുനിന്നോ അച്ചടിക്കാനുള്ള സാമ്പത്തിക സൗകര്യവുമുണ്ടായിരുന്നില്ല. അതുകൊണ്ട് കുട്ടികളെ വേണ്ടവണ്ണം ആകർഷിക്കാൻ 'സന്മാർഗ'ത്തിനു കഴഞ്ഞില്ല. എങ്കിലും സ്ത്രീകളിൽ അത് നന്നായി പ്രചരിച്ചിരുന്നു. രണ്ടു വർഷത്തോളം സന്മാർഗം തുടർച്ചയായി പുറത്തിറങ്ങിക്കൊണ്ടിരുന്നു. സാങ്കേതികമായ അപര്യാപ്തതകളും സാമ്പത്തിക പ്രയാസങ്ങളും മൂലം 1974-ൽ ഈ പ്രസിദ്ധീകരണം നിലച്ചു.

# ബോധനം മാസിക

1975 ജൂലായിൽ ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെടുകയും ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെടുകയും ചെയ്തതോടെ തടവിലായ കേരള ജമാഅത്തിന്റെ നേതാക്കൾ മാസങ്ങൾക്കു ശേഷം ഓരോരുത്തരായി ജയിൽ മുക്തരായി. എങ്കിലും നിരോധം നിലനിൽക്കുന്നതിനാൽ പ്രാസ്ഥാനികമായ പ്രവർത്തനങ്ങളിലേർപ്പെടാൻ അവർക്കു കഴിഞ്ഞില്ല. സംഘടനാ തലത്തിൽ ഒത്തുകൂടാനോ പരിപാടികളാവിഷ്കരിക്കാനോ അടിയന്തരാവസ്ഥയുടെ കരാളത അനുവദിച്ചിരുന്നുമില്ല. ഈ സ്ഥിവിശേഷത്തിലാണ് 'പ്രബോധന'ത്തിന്റെ വൈജ്ഞാനികവും പ്രബോധനപരവുമായ ഈ ദൗത്യങ്ങൾ നിർവഹിക്കുന്ന ഒരു പത്രം തുടങ്ങുന്നതിനെക്കുറിച്ച് ജ: കെ.എം. അബ്ദുൽ അഹദ് തങ്ങൾ ആലോചിച്ചത്. അദ്ദേഹം ഈ ആശയം സഹപ്രവർത്തകരുമായി പങ്കുവെച്ചു. പലർക്കും ആശങ്കയായിരുന്നു. ഈ അവസ്ഥയിൽ ഒരു പ്രസിദ്ധീകരണം തുടങ്ങാൻ സർക്കാർ അനുവദിക്കുമോ? തൽക്കാലം അനുവദിച്ചാൽ തന്നെ അതു പുറത്തിറങ്ങുമ്പോൾ നിരോധിച്ചാലോ? പ്രവർത്തകർ തടവിലാവുക മാത്രമായിരിക്കില്ലേ ഫലം? .... അങ്ങനെ പോയി സന്ദേഹങ്ങൾ. പക്ഷേ തങ്ങൾ പിന്തിരിഞ്ഞില്ല. അദ്ദേഹം ബോധനത്തിന് ഡിക്ലറേഷൻ സമർപിച്ചു. അനുവദിക്കപ്പെടുകയും ചെയ്തു. 1976 മെയ് മാസത്തിൽ 'ബോധന'ത്തിന്റെ പ്രഥമ ലക്കം പുറത്തിറങ്ങി. എഡിറ്ററും പ്രിന്ററും പബ്ലിഷറും ഔദ്യോഗികമായി അദ്ദേഹം തന്നെയായിരുന്നു. ജ: വി. അബ്ദുൽ കബീറാണ് പത്രാധിപ ചുമതല നിർവഹിച്ചിരുന്നത്. അച്ചടി വളാഞ്ചേരിയിലും ഓഫീസ് എടയൂരിലുമായിരുന്നു. പ്രബോധനം മാസിക പോലെ പുസ്തക രൂപത്തിൽ പ്രസിദ്ധീകൃതമായ ഈ പത്രം ഉള്ളടക്കത്തിലും പ്രബോധനം മാസികയോട് നല്ല ബന്ധം പുലർത്തിയിരുന്നു.

ആവശ്യമായ പരസ്യമോ പ്രചാരണമോ ഒന്നുമില്ലാതെയാണ് 'ബോധനം' ആരംഭിച്ചത്. എങ്കിലും ക്രമേണ അത് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രചരിച്ചുകൊണ്ടിരുന്നു. 1977 മാർച്ചിൽ അടിയന്തരാവസ്ഥ പിൻവലിക്കപ്പെടുകയും ജമാഅത്തിന്റെയും പ്രബോധനത്തിന്റെയും മേലുള്ള നിരോധം നീക്കം ചെയ്യപ്പെടുകയും ചെയ്തു. പ്രബോധനം പുനപ്രസിദ്ധീകരണ സജ്ജമായപ്പോൾ 1977 ഏപ്രിൽ ലക്കത്തോടു കൂടി 'ബോധനം' പ്രസിദ്ധീകരണം നിർത്തി.

# മലർവാടി

**വി.എസ്.സലീം**

പതിനൊന്നു വർഷം മുമ്പ് 'മലർവാടി'യുടെ ആദ്യലക്കവുമായി ബേപ്പൂരിൽ ചെന്ന ഇ.വി. അബ്ദുസാഹിബിനോട് വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞു. "കഴിഞ്ഞ അമ്പതുവർഷത്തിനിടയിൽ കേരളത്തിലെ കാക്കാമാർ ചെയ്ത ഏറ്റവും നല്ല കാര്യം."

ബഷീറിന്റെ വാക്കുകളിലെ അത്യുക്തി മാറ്റിനിറുത്തിയാലും മലർവാടിയുടെ രംഗപ്രവേശം മലയാളത്തിലെ ഇസ്‌ലാമിക പ്രസിദ്ധീകരണത്തിനുണ്ടായ ശ്രദ്ധേയമായ ഒരു വഴിത്തിരിവാണെന്ന സത്യം അവശേഷിക്കും. കേവലം ഐഡിയോളജിയിലും സാമുദായികതയിലും ഒതുങ്ങിനിന്ന മുസ്‌ലിംകളുടെ പത്രപ്രവർത്തനം ജനകീയമായ മൗനം സ്വീകരിച്ചതിന്റെ എളിയ തുടക്കമായിരുന്നു അത്.

കൊടുങ്ങല്ലൂരിലെ പ്രാസ്ഥാനിക പ്രവർത്തകരാൽ രൂപീകൃതമായ മൂവ്മെന്റ് ഓഫ് ഇസ്‌ലാം ട്രസ്റ്റ് ആയിരുന്നു മലർവാടിയുടെ ഉപജ്ഞാതാക്കൾ. 1980 ഒക്ടോബർ മാസത്തിലൊരുനാൾ സിദ്ദീഖ് ഹസൻ സാഹിബ് 'പ്രബോധന'ത്തിന്റെ എഡിറ്റോറിയൽ മുറിയിലേക്ക് കയറിവന്നു. ജനാബ് വി.എ. കബീറിന്റെ കീഴിൽ വി.കെ. ജലീലും കെ.സി. സലീമും ഈ ലേഖകനും അന്ന് പ്രബോധനത്തിലുണ്ട്. പ്രബോധനം മാസികയുടെ ചുമതല വഹിച്ചുകൊണ്ട് ടി.കെ. ഉബൈദും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. സിദ്ദീഖ് ഹസൻ സാഹിബ് പറഞ്ഞു:

'കൊടുങ്ങല്ലൂർ മൂവ്മെന്റ് ഓഫ് ഇസ്‌ലാം ട്രസ്റ്റ്' ഒരു ബാലമാസിക പ്രസിദ്ധീകരിക്കാൻ പോകുന്നു. മാസികയുടെ ചീഫ് എഡിറ്ററാകാമെന്നും ജനാബ് ഇ.വി. സമ്മതിച്ചിരിക്കുന്നു.

"നിങ്ങൾ-പ്രബോധനം സഹപത്രാധിപന്മാർ- മലർവാടിയുടെ എഡിറ്റോറിയൽ ചുമതലകൾ വഹിക്കുന്നതിൽ ഇ.വി.യെ സഹായിക്കണം."

കുട്ടികൾക്കുവേണ്ടി കുട്ടികൾക്കു ദഹിക്കുന്ന ഒരു പത്രം!

വളരെക്കാലമായി അത് പ്രബോധനത്തിന്റെ സ്വപ്നമായിരുന്നു. അതുകൊണ്ട് സിദ്ദീഖ് സാഹിബിനോട് മറുപടി പറയാൻ ആർക്കും ആലോചിക്കേണ്ടതുണ്ടായിരുന്നില്ല. ഞങ്ങൾ ആവേശപൂർവം കർമനിരതരായി.

ആദ്യലക്കത്തിന്റെ ഉള്ളടക്കം മിക്കവാറും ഞങ്ങൾ തന്നെ പലപേരുകളിൽ എഴുതിയുണ്ടാക്കി. അപൂർവം ചിലത് പരിചയക്കാരെ എഴുതാനേൽപ്പിച്ചു. ഇ.വി. ഒരു കവിതയും നാടോടിക്കഥയും ചിത്രകഥക്കുള്ള സ്ക്രിപ്റ്റുമെഴുതി. ടി.കെ. ഉബൈദ് രണ്ടു ലേഖനങ്ങളും 'ജൂഹയുടെ ലോകവും' തയ്യാറാക്കി. ജലീൽ ലോകരാഷ്ട്രങ്ങൾ എന്ന പരമ്പരയിലെ ആദ്യലേഖനം (സൗദി അറേബ്യ) തുടങ്ങി. കെ.സി. സലീം ഇന്ത്യയെക്കുറിച്ച് ഒരു സീരിയൽ ആരംഭിച്ചു. ഞാൻ ഒരു ജന്തുകഥയും ഇബ്നുസീനയെക്കുറിച്ച് ഒരു ലേഖനവും തയാറാക്കി. മുഹമ്മദ് സാഹിബ് രണ്ടു ലക്കം നീളുന്നന ഒരു ചരിത്രകഥ (ബലി) രചിക്കുകയും ചെയ്തു. കൂടാതെ ഇ.എം. അബ്ദുറഹ്മാന്റെ ഒരു ലേഖനം കൊടുവള്ളി അബ്ദുൽ ഖാദറിന്റെ കവിത, പി.കെ. റഹീം സാഹിബിന്റെയും എൻ.എ. മുഹമ്മദിന്റെയും കാർട്ടൂൺ ചിത്രകഥകൾ എന്നിവയും ആദ്യ ലക്കത്തിലുണ്ടായിരുന്നു.

ആകർഷകമായ ചിത്രങ്ങൾ വരക്കണം. തലക്കെട്ടുകൾ എഴുതണം. കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ പേജുകൾ സംവിധാനിക്കണം. ഇതൊക്കെ ഞങ്ങൾക്കപരി

ചിതമായ രംഗങ്ങളായിരുന്നു. അതിന്നും പരിഹാരം കണ്ടെത്തി. ഫ്രീലാൻസ് കാർട്ടൂണിസ്റ്റായി അന്ന് എറണാകുളത്ത് താമസിക്കുന്ന ബി.യം. ഗഫൂറിനെ ആ ചുമതല ഏൽപിച്ചു. അച്ചടിക്കാൻ തൃശൂരിലെ ഉമാ പ്രിന്റേഴ്സുമായും കരാറുണ്ടാക്കി. അങ്ങനെ എഡിറ്റിംഗ് കോഴിക്കോട്ടും കംപോസിങ്ങും ലേ ഔട്ടും കൊച്ചിയിലും അച്ചടി തൃശൂരിലുമായി 'മലർവാടി' അതിന്റെ സാഹസിക പ്രയാണമാരംഭിച്ചു.

1980 നവമ്പറിൽ ആദ്യലക്കം പുറത്തിറങ്ങി.

പത്രാധിപന്മാർ തന്നെ എഴുതി നിറക്കുന്ന പരിപാടി നാലഞ്ചു ലക്കങ്ങളിലും കൂടി തുടർന്നു. ക്രമേണ മാസികക്ക് സ്വീകാര്യത കിട്ടിത്തുടങ്ങി. പ്രചാരം അടിക്കടി വർദ്ധിച്ചുവന്നു. സാഹിത്യകാരന്മാർ ഓരോരുത്തരായി മലർവാടിയോടു സഹകരിക്കാൻ മുന്നോട്ടു വന്നു. ശ്രീ. കുഞ്ഞുണ്ണി മലർവാടിയിൽ കുട്ടികൾക്കുവേണ്ടി ഒരു സ്ഥിരം പംക്തി കൈകാര്യം ചെയ്തു തുടങ്ങി- കുഞ്ഞുണ്ണി മാഷും കുട്ട്യോളും.

കോഴിക്കോട്ടെ എ.പി. കുഞ്ഞാമു, മൂസക്കോയ പടനിലം, സലാം പള്ളിത്തോട്ടം, പോൾ കല്ലാനോട്, അക്ബർ കക്കട്ടിൽ തുടങ്ങിയവരാണ് രണ്ടാം ഘട്ടത്തിൽ 'മലർവാടി'യോട് സഹകരിച്ചവർ. തുടർന്ന് കെ.എ. കൊടുങ്ങല്ലൂർ, എൻ.പി. മുഹമ്മദ്, എം.ടി. വാസുദേവൻ നായർ, വൈക്കം മുഹമ്മദ് ബഷീർ എന്നീ ഒന്നാംനിരക്കാരും 'മലർവാടി'യെ പിന്തുണക്കാനെത്തി. ഈ പ്രഗത്ഭമതികളെ മലർവാടിയോടടുപ്പിക്കുന്നതിൽ മർഹൂം ഇ.വി. അബ്ദു സാഹിബിന്റെ പങ്ക് നിസ്തുലമായിരുന്നു.

ബാലമനസ്സിൽ മലർവാടി സ്ഥിരപ്രതിഷ്ഠ നേടുകയും വളർച്ചയുടെ നാനാവിധമായ സാധ്യതതകൾ തെളിഞ്ഞുവരികയും ചെയ്തപ്പോൾ മാസികക്ക് ഒരു മുഴുസമയ പത്രാധിപർ അനിവാര്യമായി. തുടർന്ന് ഈ ലേഖകൻ 'മലർവാടി'യുടെ റസിഡന്റ് എഡിറ്ററായി നിയമിക്കപ്പെട്ടു.

നിലവാരമുള്ള ബാലസാഹിത്യ കൃതികൾ പുറത്തിറക്കുക എന്ന ഉദ്ദേശ്യത്തോടെ 'മലർവാടി ബുക്സ്' എന്ന പേരിൽ ഒരു പ്രസാധനാലയവും ഇതിനിടെ പിറവിയെടുത്തു. ആദ്യ പുസ്തകങ്ങളായി വിലപ്പെട്ട നാലു കൃതികളും പ്രസിദ്ധീകരിച്ചു. വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികളിൽനിന്ന് കുട്ടികൾക്കു പറ്റിയ ഭാഗങ്ങൾ തെരഞ്ഞെടുത്ത് എൻ.എം. മോഹൻ എഡിറ്റു ചെയ്ത 'സർപ്പയജ്ഞം' കുഞ്ഞുണ്ണിയുടെ 'കുട്ടിക്കവിതകൾ' സിപ്പി പള്ളിപ്പുറത്തിന്റെ 'കഥകഥപ്പൈങ്കിളി' ടി.കെ. ഉബൈദ് എഴുതിയ 'ആദം-ഹവ്വ' എന്നിവയായിരുന്നു ആ പുസ്തകങ്ങൾ.

ഭരണസൗകര്യവും പ്രവർത്തനക്ഷമതയും മുൻനിറുത്തി മലർവാടിയുടെ ഉടമാവകാശം ഇതിനിടെ മൂവ്മെന്റ് ഓഫ് ഇസ്‌ലാം ട്രസ്റ്റിൽനിന്ന് മാറ്റി മലർവാടി പബ്ലിക്കേഷൻസ് ട്രസ്റ്റ് എന്ന പേരിൽ രൂപീകരിച്ച ഒരു പുതിയ സ്ഥാപനത്തിനു കൈമാറുകയുണ്ടായി.

1986 മേയ് മാസത്തിൽ മലർവാടി ദ്വൈവാരികയായി. പ്രചാരത്തിൽ കേരളത്തിലെ മൂന്നാമത്തെ ബാലപ്രസിദ്ധീകരണം എന്ന പദവിയിലുമെത്തി. ആദ്യകാല മാനേജറായ ടി.വി. മുഹമ്മദലി സാഹിബിന്റെയും പിന്നീട് പത്തുവർഷത്തോളം സ്ഥാപനത്തിന് നായകത്വം വഹിച്ച ടി.കെ. ഹുസൈൻ സാഹിബിന്റെയും സേവനങ്ങൾ ഈ രംഗത്ത് സ്തുത്യർഹമായ പങ്കു വഹിച്ചിട്ടുണ്ട്.

ബി.യം. ഗഫൂറിനു ശേഷം വേണുമാലിപ്പാറ, ജോയ് ആളൂർ, വി.എസ്. സജീവൻ, കെ. സദാനന്ദൻ, എൻ.എസ്. അബ്ദുൽ സലീം എന്നീ കലാകാരന്മാർ മലർവാടിയുടെ ചിത്രീകരണവും പേജ് സംവിധാനവും നിർവഹിക്കുകയുണ്ടായി.

നിർഭാഗ്യകരമായ ചില സംഭവവികാസങ്ങൾ ഇതിനിടെ വന്നു കൂടിയതു കൂടി ഇവിടെ പരാമർശിക്കേണ്ടതുണ്ട്. പത്രക്കടലാസിന്റെ അഭൂതപൂർവമായ വിലക്കയറ്റം മൂലം പത്രപ്രസിദ്ധീകരണങ്ങൾക്ക് കുടുംബ ബജറ്റിൽ സ്ഥാനം കുറഞ്ഞു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നാക്രമണം ബാലപ്രസിദ്ധീകരണങ്ങളെ സവിശേഷം പ്രതികൂലമായി ബാധിക്കുകയും ചെയ്തു. ഈ വിപരീത സാഹചര്യത്തിൽ 'മലർവാടി' വീണ്ടും 'മാസിക'യിലേക്കൊതുങ്ങേണ്ടി വന്നിരിക്കുകയാണ്.

മലർവാടി പുറത്തുവന്നപ്പോൾ കേരളത്തിലെ മതയാഥാസ്ഥികകക്ഷികളുടെയും ജമാഅത്തു വിരുദ്ധരുടെയും പ്രസംഗകരും എഴുത്തുകാരും ഇതിനിടെ ചന്ദ്രഹാസമിളക്കിയിരുന്നു. ചിത്രരചനയുടെ മതവിധിയെ ച്ചൊല്ലി ഉൽപതിഷ്ണു വിഭാഗത്തിന്റെ പത്രങ്ങളിൽ പോലും തുടർലേഖനം പ്രത്യക്ഷപ്പെട്ടിരുന്നു. പക്ഷെ, ഒരു ദശകം പിന്നിട്ടു കഴിഞ്ഞപ്പോൾ ഈ രണ്ടു വിഭാഗവും ആവിഷ്കാരത്തിൽ മലർവാടിയെ പോലും കടത്തിവെട്ടുന്ന രീതിയിലുള്ള ബാലപ്രസിദ്ധീകരണങ്ങളുമായി രംഗത്തെത്തിയിരിക്കുകയാണ്. മലർവാടി ഇനി ഒരുവേള ചരിത്രത്തിന്റെ യവനികക്കു പിന്നിൽ മറഞ്ഞാൽപോലും സ്വന്തം നിയോഗം നിറവേറ്റിക്കഴിഞ്ഞു എന്ന് അതിനു സമാധാനിക്കാം.

## ആരാമം

1985-ൽ പ്രബോധനത്തിന്റെ സഹയാത്രികയായി പിറന്നു വീണ പ്രസിദ്ധീകരണമാണ് 'ആരാമം' വനിതാ മാസിക. പൈങ്കിളി വാരികകൾ വെട്ടുകിളികൾ പോലെ പെരുകി അനുവാചക കേരളത്തെ മൂടി നിന്ന കാലം. മൃദുല വികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന പ്രേമകഥകൾ, സ്തോഭജനകമായ കൊലപാതക ഫീച്ചറുകൾ, ഭീതിയും ഉത്കണ്ഠയുമുണർത്തുന്ന യക്ഷിക്കഥകൾ ഇതൊക്കെയാണ് പൈങ്കിളി വാരികകളുടെ വിഭവങ്ങൾ. സാധാരണക്കാരുടെ, സ്ത്രീജനങ്ങളുടെ വിശേഷിച്ചും വായനാശീലത്തെ ഈ വിഭവങ്ങൾ മലീമസമാക്കിക്കൊണ്ടിരിക്കുന്നു. അവരുടെ മനസ്സുകളിൽ ദുഷ്പ്രവണതകളുണർത്തുന്നു. വിവാഹത്തിന് മുമ്പ് കലാലയത്തിലോ തൊഴിൽശാലയിലോ വെച്ച് പ്രേമനാടകമാടാത്ത പെണ്ണൊരു പെണ്ണല്ല. പ്രേമിച്ചാൽ ഉടനെ ശാരീരിക ബന്ധം - ഒളിച്ചോട്ടം. പിന്നെ എല്ലാ പ്രശ്നങ്ങൾക്കും എളുപ്പമുള്ള പരിഹാരം ആത്മഹത്യ. ഈ പാഷാണ സാഹിത്യത്തിന്റെ കരാളാശ്ലേഷത്തിൽനിന്നു മുസ്‌ലിം സ്ത്രീകളെയെങ്കിലും മോചിപ്പിക്കുവാൻ വല്ലതും ചെയ്യണമെന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ ആഭിമുഖ്യത്തിൽ രൂപംകൊണ്ട ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ ആഗ്രഹിച്ചു. സ്ത്രീകളിൽ സൃഷ്ടിപരമായ വായനാശീലം വളർത്തുകയും ഉൽബുദ്ധതയുളവാക്കുകയും ചെയ്യാനുതകുന്ന ഒരു മാധ്യമമായിരുന്നു അവരുടെ പ്രഥമ പരിപാടി. അങ്ങനെ 1985 ജൂണിൽ 'ആരാമം' മസികയുടെ പ്രഥമ ലക്കം പുറത്തിറങ്ങി.

ജി.ഐ.ഒ. നേതാക്കളിലൊരാളായ കെ.കെ. സുഹറയാണ് ആരാമത്തിന്റെ പത്രാധിപ. തുടക്കത്തിൽ പി.ടി. അബ്ദുറഹ്മാനും (മുന്നൂർ) പിന്നീട് കാദിർ കുട്ടി മാരേക്കാടും പത്രാധിപച്ചുമതലകളിൽ അവരെ സഹായിച്ചുകൊണ്ടിരുന്നു. കാദിർ കുട്ടി സാഹിബ് ആരാമം വിട്ടശേഷം വീണ്ടും പി.ടി. അബ്ദു റഹ്മാൻ തന്നെയാണ് ആ സ്ഥാനത്തു പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഇടക്കാലത്ത് ശ്രീമതി ശ്രീദേവി, ആശാപോൾ, ഫൗസിയ, മുഹമ്മദ് കുഞ്ഞ് എന്നിവരും ആരാമത്തിൽ സബ് എഡിറ്റർമാരായി പ്രവർത്തിച്ചിരുന്നു.

എളിയതോതിൽ തുടങ്ങിയ 'ആരാമം' വളരെ പെട്ടെന്നുതന്നെ ഉയർന്ന നിലവാരമുള്ള ഒരു വനിതാ മാസികയായി ഉയർന്നു. കേരളത്തിലെ ഒന്നാംകിട എഴുത്തുകാരിൽ പലരും അതിനെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പ്രചാരവും അടിക്കടി വർദ്ധിച്ചു വന്നു. പക്ഷേ, ബഹുവർണത്തിൽ, ഓഫ്സെറ്റ് പ്രസ്സിൽ അച്ചടിച്ചിറക്കേണ്ട ഒരു പത്രത്തിനുണ്ടായിരിക്കേണ്ട യാതൊരു സാമ്പത്തികാടിത്തറയുമില്ലാതെയാണ് ആരാമം തുടങ്ങിയത്. ഇതുമൂലമുള്ള അരിഷ്ടതകൾ പത്രം ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

1990-ൽ ആരാമത്തിന്റെ ഓഫീസ് കോഴിക്കോട് ടൗണിൽനിന്ന് വെള്ളിമാട് കുന്നിലേക്ക് മാറി. അക്കൊല്ലം ഡിസംബർ മുതൽ പത്രം മാധ്യമം പത്രത്തിന്റെ കീഴിലായി. 91 ഡിസംബർ മുതൽ അത് പ്രബോധനത്തിന്റെ കീഴിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. ആരാമം ആദ്യം അച്ചടിച്ചിരുന്നത് ശിവകാശിയിൽ നിന്നാണ്. 1989 മുതൽ അച്ചടി എറ

ണാകുളത്തായി. ഇപ്പോൾ മാധ്യമം പ്രസ്സിൽ നിന്ന് അച്ചടിക്കുന്നു.

തുടക്കത്തിൽ കെ.പി. അബ്ദുവായിരുന്നു ആരാമത്തിന്റെ ആർട്ടിസ്റ്റ്. അബ്ദു വിരമിച്ചശേഷം റാഫി പുന്നോൽ വന്നു. ഇപ്പോൾ ആർട്ടിസ്റ്റായി പ്രവർത്തിക്കുന്നത് സബ് എഡിറ്റർ കൂടിയായ ഇ.സി. മജീദാണ്. അഷ്ഖർ (എടപ്പാൾ) എന്ന യുവാവ് ആദ്യ വർഷങ്ങളിൽ ഈ പത്രത്തിന്റെ ഓർഗനൈസറായി പ്രവർത്തിച്ചിരുന്നു. തുടക്കം മുതൽ 1990 വരെ ഉസ്മാൻ (നിലമ്പൂർ) ആരാമത്തിന്റെ അക്കൗണ്ടന്റായിരുന്നു. കെ.എ. റസാഖ്, കെ.എ. മമ്മൂട്ടി എന്നിവരാണ് ഇപ്പോൾ മാനേജ്മെന്റ് സ്റ്റാഫായി സേവനമനുഷ്ഠിക്കുന്നത്.

സാമ്പത്തിക പ്രയാസം നിമിത്തം ഈയിടെ മാസികയുടെ പേജുകൾ അൽപം കുറച്ചിട്ടുണ്ട്. എങ്കിലും ആശാവഹമായ ഭാവിയാണ് മുന്നിൽ കാണുന്നത്. പ്രബോധനത്തിന്റെ കീഴിൽ ആരാമം അതിന്റെ ബാലാരിഷ്ടതകൾ തരണം ചെയ്യുകയും നാൾക്കുനാൾ വളർന്നു വികസിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

## "ടിറ്റ് ഫോർ ടാറ്റ്"

1980-കളുടെ ആദ്യവർഷങ്ങളിൽ ഇസ്‌ലാം സജീവമായ ഒരു ആഗോള ചർച്ചാവിഷയമായിരുന്നു. ഇറാൻ വിപ്ലവം, റഷ്യയുടെ അഫ്ഗാൻ അധിനിവേശത്തിനുനേരെ മുസ്‌ലിം മുജാഹിദുകൾ സംഘടിപ്പിച്ച ഐതിഹാസികമായ ചെറുത്തുനിൽപ്, പാക്കിസ്ഥാനിൽ ഇസ്‌ലാമിക വൽക്കരണത്തിനു വേണ്ടിയുണ്ടായ ജനകീയ മുന്നേറ്റം തുടങ്ങിയ സംഭവങ്ങളാണ് ഇത്തരമൊരു കോളിളക്കത്തിന് കളമൊരുക്കിയത്.

അമേരിക്കൻ സാമ്രാജ്യത്വത്തെയും റഷ്യൻ സാമ്രാജ്യത്വത്തെയും ഒരുപോലെ വെല്ലുവിളിച്ച ഈ മഹാസംഭവങ്ങൾ ഇരു ചേരികളെയും ഇസ്‌ലാമിനെതിരെ കുപ്രചരണങ്ങളഴിച്ചുവിടാൻ പ്രേരിതമാക്കി. തുടർന്ന് സാമ്രാജ്യത്വ മാധ്യമങ്ങളിൽ ഇസ്‌ലാം വിമർശനത്തിന്റെ കൊടുങ്കാറ്റുയർന്നു. അതിന്റെ അലയൊലികൾ ഇന്ത്യയിലുമെത്തി. ഇന്ത്യയിലെ മുസ്‌ലിം വിരുദ്ധ ശക്തികൾ ഇസ്‌ലാമികാശയങ്ങൾക്കും മുസ്‌ലിം പേഴ്സണൽ ലോവിന്നും എതിരെ ആഞ്ഞടിക്കുവാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തി. അങ്ങനെയാണ് ഷാബാനു കേസ് ഒരാഗോള സംഭവമായിത്തീർന്നത്.

ഈ കാലഘട്ടത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രാദേശിക ഘടകങ്ങൾക്കു ഒരു സർക്കുലർ അയച്ചു. വാർത്താമാധ്യമങ്ങളിലൂടെയും പുസ്തകപ്രസിദ്ധീകരണങ്ങളിലൂടെയും മറ്റും നടക്കുന്ന ഇസ്‌ലാം വിരുദ്ധ പ്രചാരണങ്ങളോട് ഉചിതമായ രീതിയിൽ പ്രതികരിച്ചുകൊണ്ട് അമുസ്‌ലിം സഹോദരങ്ങളുടെയും അറിവില്ലാത്ത മുസ്‌ലിം സഹോദരങ്ങളുടെയും തെറ്റിദ്ധാരണകൾ ദൂരീകരിക്കാൻ ഇസ്‌ലാമിക പ്രവർത്തകർ ശ്രമിക്കണമെന്നായിരുന്നു അതിന്റെ ഉള്ളടക്കം. വാർത്താമാധ്യമങ്ങളിൽ കത്തുകളെഴുതുക, പ്രസാധകന്മാർക്ക് തിരുത്തുകളയക്കുക, പൊതു പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക എന്നിവയായിരുന്നു ഇതിന് ചൂണ്ടിക്കാണിക്കപ്പെട്ട മാർഗങ്ങൾ. പക്ഷേ, മിക്ക മാധ്യമങ്ങളും ഇസ്‌ലാമിക പ്രവർത്തകരുടെ പ്രതികരണക്കുറിപ്പുകൾ വെളിച്ചം കാണിക്കാൻ കൂട്ടാക്കിയില്ല. ഈ സാഹചര്യത്തിലാണ് തൃശൂരിലെ ജമാഅത്ത് പ്രവർത്തകർക്ക് 'ടിറ്റ് ഫോർ ടാറ്റ്' എന്ന ആശയമുദിച്ചത്. അതിനായി 'സ്പിരിറ്റഡ് യൂത്ത് ഫ്രണ്ട്' എന്ന പേരിൽ ഒരു സംഘടന രൂപീകൃതമായി. ഇസ്‌ലാം വിരുദ്ധ പ്രചാരണങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് ഒരു ബുള്ളറ്റിൻ രൂപത്തിൽ 1983-ൽ 'ടിറ്റ് ഫോർ ടാറ്റ്' പുറത്തിറങ്ങിത്തുടങ്ങുകയും ചെയ്തു. ടി.വി. മുഹമ്മദലിയായിരുന്നു പത്രാധിപർ. പി.കെ. റഹീം പ്രിന്ററും പബ്ലിഷറും.

ടാബ്ലോയിഡ് രൂപത്തിലായിരുന്ന ബുള്ളറ്റിൻ പിന്നീട് പുസ്തരൂപത്തിലുള്ള മാസികയായി മാറി. ഇസ്‌ലാമിന്നും മുസ്‌ലിംകൾക്കുമെതിരിൽ പ്രചരിപ്പിക്കപ്പെടുന്ന വിമർശനങ്ങൾക്കും ആരോപണങ്ങൾക്കും മറുപടി പറയുക, തെറ്റുധാരണകൾ ദൂരീകരിക്കുക, നിർമ്മത നിരീശ്വരപ്രസ്ഥാനങ്ങളുടെ ആശയങ്ങളെ യുക്തിയുക്തമായ രീതിയിൽ ഖണ്ഡിക്കുക, ഇതായിരുന്നു ടിറ്റ് ഫോർ ടാറ്റിന്റെ ലക്ഷ്യം. ടിറ്റ് ഫോർ ടാറ്റ് ചെയ്ത യത്നങ്ങൾ വൃഥാവിലായില്ല. അക്കാലത്ത് നിരവധി സ്റ്റേജുകളിലും പ്രസിദ്ധീകരങ്ങളിലും ടിറ്റ് ഫോർ ടാറ്റിന്റെ ഉള്ളടക്കങ്ങൾ ചർച്ചാ വിഷയായി. പലരുടെയും വിമർശനത്തിന്റെ സ്വഭാവത്തിൽ പ്രകടമായ മാറ്റങ്ങളുണ്ടായി. മുസ്‌ലിംകളും മുസ്‌ലിം വിരുദ്ധരും തമ്മിലുള്ള സംവാദമായിരുന്നു 'ടിറ്റ് ഫോർ ടാറ്റ്'. മുസ്‌ലിംകൾക്കിടയിലുള്ള ആഭ്യന്തര ഭിന്നതകളും തർക്കങ്ങളും ഈ പ്രസിദ്ധീകരണം ഒട്ടും തന്നെ കൈകാര്യം ചെയ്തിരുന്നില്ല. ഇടമറുകിന്റെ ഖുർആൻ വിമർശനത്തിനെതിരെ ടിറ്റ് ഫോർ ടാറ്റ് ഒരു പുസ്തകം തന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. നാട്ടിലും മറുനാട്ടിലുമായി ഈ പത്രത്തിന്ന് ധാരാളം വരിക്കാരുണ്ടായിരുന്നു. ജാതിമത ഭേദമന്യേ പ്രമുഖ വ്യക്തികൾക്കും അറിയപ്പെടുന്ന ബുദ്ധിജീവികൾക്കും ടിറ്റ് ഫോർ ടാറ്റ് സൗജന്യമായി അയച്ചുകൊടുക്കുകയുണ്ടായി. പത്രത്തിന്റെ ചെലവുകളെല്ലാം സ്പിരിറ്റഡ് യൂത്ത് ഫ്രണ്ടാണ് വഹിച്ചിരുന്നത്. ഏതാണ്ട് അഞ്ചു കൊല്ലക്കാലം നല്ല നിലയിൽ പ്രസിദ്ധീകരണം തുടർന്നു. പിന്നീട് പ്രവർത്തകരിൽ, പത്രാധിപരടക്കം പലർക്കും പല വഴിക്കായി തൃശൂർ വിടേണ്ടി വന്നു. സാമ്പത്തിക ഭാരവും ദുർവ്വഹമായി.

ടിറ്റ് ഫോർ ടാറ്റ് അതിന്റെ ലക്ഷ്യം ഒരളവോളം നിറവേറ്റിക്കഴിഞ്ഞിട്ടുണ്ടായിരുന്നതിനാൽ അതിന്റെ അനിവാര്യത അസ്തമിച്ചിരുന്നു. അങ്ങനെ പത്രത്തിന്റെ പ്രസിദ്ധീകരണം നിലച്ചു.

ടിറ്റ് ഫോർ ടാറ്റിന്റെ ഡിക്ലറേഷൻ നിലവിലുണ്ട്. കുറെ വരിക്കാരോട് അതിന്ന് വരിസംഖ്യാ ബാധ്യതയുമുണ്ട്. ഈ ബാധ്യത എങ്ങനെ തീർക്കണമന്നു കണ്ടെത്തിയ ശേഷമേ പത്രം നിർത്തൽ ചെയ്യാൻ തീരുമാനിക്കൂ എന്ന് ജന. പി.കെ. റഹീം സാഹിബ് പറഞ്ഞു.

## മെസ്സേജ് മാസിക

ഇംഗ്ലീഷ് ഭാഷയിൽ കേരളത്തിൽ നിന്നാരംഭിച്ച ഇസ്‌ലാമിക പ്രസിദ്ധീകരണമായിരുന്ന 'മെസ്സേജ്' 1959-ൽ, നിയമ ബിരുദധാരിയും യുവ ജമാഅത്തു പ്രവർത്തകനുമായിരുന്ന ജ: വി.പി. അബ്ദുല്ല സാഹിബാണ് സ്വന്തം ഉത്തരവാദിത്വത്തിൽ 'മെസ്സേജ്' ആരംഭിച്ചത്. അദ്ദേഹം തന്നെയായിരുന്നു അതിന്റെ പത്രാധിപർ. പ്രബോധനവും ജമാഅത്തെ ഇസ്‌ലാമിയും ഈ സംരംഭത്തിൽ അദ്ദേഹത്തോടു സഹകരിക്കുകയായിരുന്നു. പ്രബോധനം ഓഫീസായിരുന്നു മെസ്സേജിന്റെ ഓഫീസ്. പ്രബോധനം പ്രസ്സിൽ നിന്നുതന്നെയായിരുന്നു അതിന്റെ അച്ചടിയും.

1957 ജൂൺ മാസത്തിലാണ് 'മെസ്സേജി'ന്റെ പ്രഥമ ലക്കം പുറത്തിറങ്ങിയത്. കാലോചിതമായ ശൈലിയിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും ആധുനിക ദർശനങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലൂടെ വിലയിരുത്തുകയും ചെയ്യുന്ന ഗഹനമായ ലേഖനങ്ങൾ കൊണ്ട് സമ്പുഷ്ടമായിരുന്ന ഈ പ്രസിദ്ധീകരണം ബുദ്ധിജീവികളുടെയും വിജ്ഞന്മാരുടെയും സവിശേഷമായ ശ്രദ്ധ പിടിച്ചുപറ്റി. ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും വിദേശരാജ്യങ്ങളിലും മെസ്സേജിന്നു വായനക്കാരുണ്ടായിരുന്നു. എങ്കിലും പത്രം പല വിധ വിഷമതകളെയും നേരിട്ടുകൊണ്ടിരുന്നു. 1963 ഡിസംബറോടെ അതിന്റെ പ്രസിദ്ധീകരണം നിലച്ചു.

## മാധ്യമം

1980-ൽ കോഴിക്കോട് ഇസ്‌ലാമിക് യൂത്ത് സെന്ററിൽ, ഇസ്‌ലാമിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യുവാക്കൾ ഒരു യോഗം ചേരുകയുണ്ടായി. ഇസ്‌ലാമിക് യൂത്ത് സെന്റർ ഭാരവാഹികളായ പി. കോയ, ഇ. അബു, കെ.പി. കമാലുദ്ദീൻ, ഉസ്മാൻ തറുവായി, എം.എ. റഹ്മാൻ, പ്രബോധനം എഡിറ്റോറിയൽ സ്റ്റാഫിൽ പെട്ട വി.എ. കബീർ, ടി.കെ. ഉബൈദ്, വി.കെ. ജലീൽ തുടങ്ങിയ യുവാക്കൾക്കു പുറമെ ഇ.വി. അബ്ദു, ചേന്ദമംഗലൂരിലെ എം.പി.കെ.

മുഹമ്മദ് മുതലായ മുതിർന്ന ചിലരും ഈ യോഗത്തിൽ പങ്കെടുത്തിരുന്നുവെന്നാണോർമ. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ വാർത്തകൾ നിഷ്പക്ഷമായി വിതരണം ചെയ്യുകയും മുസ്‌ലിംകളുടെയും ഹരിജനങ്ങളാദി അവശ പിന്നോക്ക വിഭാഗങ്ങളുടെയും പ്രശ്നങ്ങളും ഇസ്‌ലാമികാശയങ്ങളും ഉയർത്തിപ്പിടിച്ചിരിക്കുകയും ചെയ്യുന്ന ഒരു ദിനപത്രം എന്ന ആശയം ആദ്യമായി ഗൗരവപൂർവം ചർച്ചചെയ്യപ്പെട്ടത് ഈ യോഗത്തിലാണ്. ദീർഘമായ ചർച്ചക്കുശേഷം ഒരു ദിനപത്രം സ്ഥാപിക്കുന്നതിന്റെ സാധ്യതകളാരായാൻ ജ: എം.പി.കെ. മുഹമ്മദ് സാഹിബിനെ ചുമതലപ്പെടുത്തിക്കൊണ്ടാണ് യോഗം പിരിഞ്ഞത്. പിന്നീട് ഇതു സംബന്ധിച്ച പ്രവർത്തനങ്ങളൊന്നും മുന്നോട്ടു പോയില്ല.

അടുത്ത വർഷം 1981-ൽ വെള്ളിമാടുകുന്നിലെ പ്രബോധനം ഓഫീസിൽ മറ്റൊരു യോഗം സംഘടിപ്പിക്കപ്പെട്ടു. ജ: കെ.സി. അബ്ദുല്ല മൗലവിയുടെ അധ്യക്ഷതയിൽ ചേർന്ന ഈ യോഗത്തിൽ ജ: ടി.കെ. അബ്ദുല്ല മൗലവിയും പ്രബോധനം എഡിറ്റോറിയൽ സ്റ്റാഫും എം.പി.കെ. മുഹമ്മദ്, കെ.എം. റിയാലു തുടങ്ങിയ മറ്റു പലരും പങ്കെടുത്തിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലുള്ള ഒരു ദിനപത്രത്തെക്കുറിച്ച് യോഗം സുദീർഘമായി ചർച്ച ചെയ്യുകയും അതിന്റെ അനിവാര്യത അംഗീകരിക്കപ്പെടുകയും ചെയ്തു. നിർദിഷ്ട പത്രം ജമാഅത്തെ ഇസ്‌ലാമി നേരിട്ട് ഏറ്റെടുക്കുകയോ സംഘടനയുടെ മുഖപത്രമാക്കുകയോ ചെയ്യേണ്ടതില്ലെന്നും ഇസ്‌ലാമിന്റെയും മുസ്‌ലിം സമുദായത്തിന്റെയും ഒരു പൊതു ആവശ്യമെന്ന നിലയിൽ ജമാഅത്ത് അതിനു പിന്തുണ നൽകുന്നതാണെന്നും നിശ്ചയിക്കപ്പെട്ടു. പത്രം തുടങ്ങുന്നതിന്റെ സാധ്യതകളാരായുന്നതിന് കെ.എം. റിയാലുവിനെ ചുമതലപ്പെടുത്തിക്കൊണ്ടാണ് യോഗം പിരിഞ്ഞത്. പിന്നീട് ഇത്തരം യോഗങ്ങൾ ഇടക്കിടെ കൂടിക്കൊണ്ടിരുന്നു.

താൽപര്യമുള്ള നിക്ഷേപകരിൽ നിന്നു ഷയർ പിരിച്ചെടുത്ത് കമ്പനിയടിസ്ഥാനത്തിൽ പത്രം തുടങ്ങുക എന്നതായിരുന്നു ആദ്യത്തെ ആശയം. 30 ലക്ഷം രൂപയായിരുന്നു ഉദ്ദേശിക്കപ്പെട്ട മൂലധനം. ഈ വഴിക്ക് ചില പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. അതിന്റെ ഭാഗമായി 1984-ൽ വെള്ളിമാട്കുന്നിൽ രോഷ്നി പ്രസ്സ് എന്ന പേരിൽ ഒരു ചെറിയ ഓഫ്സെറ്റ് പ്രസ്സ് സ്ഥാപിതമായി. ഇത് ദിനപത്രം അച്ചടിക്കാൻ പറ്റുന്നതോ അതിനുവേണ്ടി സ്ഥാപിച്ചതോ ആയിരുന്നില്ല. പത്ര വ്യവസായത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കിയപ്പോൾ, ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ദിനപത്രം സ്ഥാപിക്കാൻ 30 ലക്ഷം രൂപ ഒട്ടും മതിയാവില്ലെന്നും കൂടാതെ നിക്ഷേപകർക്ക് ഉടമസ്ഥതയും ലാഭവിഹിതവും വാഗ്ദാനം ചെയ്തുകൊണ്ട് പത്രം തുടങ്ങുന്നത് ഗുണകരമല്ലെന്നും ബോധ്യമായി. അങ്ങനെ ദിനപത്രം എന്ന ആശയം വ്യക്തമായ പ്രായോഗിക രൂപം കാണാതെ നീണ്ടു പോവുകയായിരുന്നു. അപ്പോഴേക്കും ഈ ആശയം ഇസ്‌ലാമിക പ്രവർത്തകരിൽ വലുതായ താൽപര്യമുണർത്തുകയും കഴിയുന്നത്ര വേഗത്തിൽ ദിനപത്രം തുടങ്ങണമെന്ന് വിവിധ കോണുകളിൽ നിന്ന് ശക്തമായ ആവശ്യമുയരുകയും ചെയ്തു.

1985-ൽ, ഈ ചുറ്റുപാടിലാണ്, ദിനപത്രത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ജമാഅത്തെ ഇസ്‌ലാമിയുടെ ഇപ്പോഴത്തെ അമീറായ ജ: കെ.എ. സിദ്ദീഖ് സാഹിബ് ചുമതലയേൽപിക്കപ്പെടുന്നത്. സിദ്ദീഖ് സാഹിബ് രംഗത്തിറങ്ങിയതോടെ കാര്യങ്ങൾ ഓരോന്നോരോന്നായി നീങ്ങിക്കൊണ്ടിരുന്നു. അന്നത്തെ അമീറായിരുന്ന ജ: കെ.സി. അബ്ദുല്ല മൗലവി അനാരോഗ്യം വകവയ്ക്കാതെ അദ്ദേഹത്തെ സഹായിച്ചു. കമ്പനിയുടെ ആശയം ഉപേക്ഷിച്ചു. പത്രം നടത്തുന്നതിന് ഐഡിയൽ പബ്ലിക്കേഷൻ ട്രസ്റ്റ് സ്ഥാപിതമായി. താൽപര്യമുള്ള ഉദാരമതികളിൽ നിന്ന് സംഭാവന ശേഖരിച്ചു പത്രം തുടങ്ങാമെന്ന് തീരുമാനിക്കപ്പെട്ടു. സംഭാവനകൾ നൽകാൻ സമ്പന്നർ മാത്രമല്ല സാധാരണ തൊഴിലാളികളുമെല്ലാം മുന്നോട്ടു വന്നു. ഒരു ദിവസത്തെ വേതനം മുതൽ ഒരു മാസത്തെ വേതനംവരെ മാധ്യമത്തിനു സംഭാവന ചെയ്ത ഉദ്യോഗസ്ഥരും തൊഴിലാളികളും നിരവധിയാണ്.

പ്രബോധനം ഓഫീസിന്റെ എതിർവശത്തുള്ള കമ്പൗണ്ടിൽ കെട്ടിടങ്ങളുയർന്നു. വിദേശത്തുനിന്ന് ഫോട്ടോ കമ്പോസിങ്ങ് യന്ത്രങ്ങളെത്തി. ഉത്തരേന്ത്യയിൽ നിന്ന് ഓഫ്സെറ്റ് പ്രസ്സും വന്നു. 1987 ജൂൺ 1-നു പ്രശസ്ത പത്രപ്രവർത്തകനായ കുൽദീപ്നയാർ മാധ്യമം ദിനപത്രത്തിന്റെ പ്രസിദ്ധീകരണം ഉദ്ഘാടനം ചെയ്തു.

അന്തരിച്ച പി.കെ. ബാലകൃഷ്ണനായിരുന്നു മാധ്യമത്തിന്റെ ഒന്നാമത്തെ ചീഫ് എഡിറ്റർ. എഡിറ്ററായി നേരത്തെ നിശ്ചയിക്കപ്പെട്ടിരുന്നത് വി. അബ്ദുൽ കബീറായിരുന്നുവെങ്കിലും പത്രം ആരംഭിക്കുന്നതിന്നു മുമ്പേ അദ്ദേഹം ഇന്ത്യ വിട്ടു. തുടർന്ന് വ.കെ. ഹംസ സാഹിബ് ആ സ്ഥാനമേറ്റെടുത്തു. ഒ. അബ്ദുറഹ്മാൻ, ഒ. അബ്ദുല്ല എന്നിവർ അസോസിയേറ്റ് എഡിറ്റർമാരായി പ്രവർത്തിക്കുന്നു. ടി.പി. ചെറുപ്പ, ഹുസൈൻ കാരന്തൂർ, ജമാൽ കൊച്ചങ്ങാടി തുടങ്ങിയ പത്രപ്രവർത്തകർ തുടക്കം മുതലേ മാധ്യമത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പരേതനായ കെ.എ. കൊടുങ്ങല്ലൂർ വാരാദ്യ മാധ്യമത്തിന്റെ എഡിറ്ററായിരുന്നു. പ്രൊഫ. യാസീൻ അശ്റഫ്, ജ: എ.പി. കുഞ്ഞാമു തുടങ്ങിയവർ മാധ്യമത്തിന് വിലപ്പെട്ട സംഭാവനകൾ ചെയ്യുന്നവരാണ്. പലവിധ പ്രയാസങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്യേണ്ടി വന്നുവെങ്കിലും പ്രസിദ്ധീകരണം തുടങ്ങിയശേഷം 'മാധ്യമം' മുടങ്ങിപ്പോയിട്ടില്ല. എന്നല്ല അത് അനുദിനം വളർന്നുകൊണ്ടിരിക്കുകയായിരുന്നു. കേരളത്തിലെ പ്രമുഖ ദിനപത്രങ്ങളിലൊന്നാണത്. കോഴിക്കോട്ടു നിന്നുമാത്രമാണത് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. തിരു-കൊച്ചി ഭാഗത്ത് മാധ്യമത്തിന്റെ ഒരെഡിഷൻ തുടങ്ങണമെന്ന് തെക്കൻ ജില്ലകളിലെ വായനക്കാർ ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്.